# പ്രേതങ്ങളുടെ കാവൽക്കാരി

ലക്ഷ്മീദേവി.കൊച്ചി

പ്രതികൂല സാഹചര്യത്തിൽ തുണയായി വർത്തിച്ചതിന് സഹനശക്തിയുടേയും ആത്മധൈര്യത്തിന്റേയും പിൻബലം. അതുകൊണ്ടുതന്നെയാണ് രത്നാമാസ്റാം നിശ്ചലതയിൽ നിദ്രകൊള്ളുന്ന ജഡങ്ങൾക്ക് തീകൊളുത്തുന്നത്. തിക്താനുഭവങ്ങളുടെ ഉലയിൽ ഊതിക്കാച്ചിയ ജീവിതത്തിൽ ദാരിദ്ര്യദുഃഖം ഒരു നിർവിഘ്നസ്രോതസ്സുപോലെ പിൻതുടർന്നപ്പോൾ വേദന മാത്രമായിരുന്ന രത്നയ്ക്ക് ജീവിതം. യാതനകളും വിഹ്വലതകളും സംഘർഷങ്ങളും കൊണ്ട് ശോകപൂരിതമായ പരമസത്യങ്ങളുടെ ഖണ്ഡാരപ്പുരകളിലേക്ക് 37-ാം വയസ്സിൽ ഒരു വെള്ളിരേഖയെന്നപോലെ ആശ്വാസം നൽകാൻ ലഭിച്ച ജോലി ഒരു ശ്മശാനം കാവൽക്കാരിയുടേതായിരുന്നു.

മഹാരാഷ്ട്രയിലെ അംബസാരിയിലെ ശ്മശാനത്തിലാണ് രത്നയുടെ കുടുംബം താമസിക്കുന്നത്. ഇന്ത്യയിലെ എന്നല്ല ലോകത്തിലെ ഒരു സ്ത്രീയും ഏറ്റെടുക്കാൻ മടിക്കുന്ന ജോലിയിലാണ് രത്നയുടെ ഉപജീവനം കഴിയുന്നത്. രാവും പകലും ശ്മശാനത്തിലെത്തുന്ന ജഡങ്ങളുടെ ഈ കാവൽക്കാരിക്ക് ഒന്നേ പറയാനുള്ളൂ. 'എന്തായാലും ക്രൂരമനസ്സുള്ള മനുഷ്യരോളം പേടിക്കേണ്ടല്ലോ പ്രേതാത്മക്കളെ' ഒരു സ്ത്രീക്ക് ഇത്രയ്ക്ക് ധൈര്യമോ എന്നേവർക്കും തോന്നിയേക്കാം. രത്ന തന്നെ ഇതിനു മറുപടി നൽകുന്നു. 'ജീവിതത്തിൽ ഒരു സ്ത്രീയും ഇത്തരം ഒരു തൊഴിൽ ആഗ്രഹിക്കില്ലെന്നറിയാം. അക്കൂട്ടത്തിലായിരുന്നു ഞാനും. പക്ഷേ, സാഹചര്യം, ഒരു നിർധനകുടുംബത്തിലായിരുന്നു എന്റെ ജനനം. നാലാം ക്ലാസുവരെ പഠിച്ചു. പതിനാറാമത്തെ വയസ്സിൽ മഹാദേവ് മാസ്റാമിന്റെ ഭാര്യയായി. ശവപ്പറമ്പിൽ തീയെരിക്കേണ്ടിവരുമെന്ന് സ്വപ്നത്തിൽപോലും കരുതിയതല്ല. വീട്ടിലെ അടുപ്പിൽ തീയെരിയണമെന്നും കുട്ടികൾ പട്ടിണിയാവരുതെന്നും ഞാനാഗ്രഹിച്ചു. പക്ഷേ, വിധി. മുഴുക്കുടിയനായ ഭർത്താവിൽനിന്ന് കഷ്ടപ്പാടുകളും പീഡനങ്ങളും ഏറ്റുവാങ്ങേണ്ടിവന്നു. എന്റെ സന്ധ്യകൾ ഏറെ ഭീതിദമായി. ശരീരത്തിനും മനസ്സിനും പതിവായേൽക്കുന്ന പീഡനങ്ങൾ. വീട്ടിലേക്ക് തിരിച്ചുപോകുന്നതിനെക്കുറിച്ച് ആലോചിച്ചു. പക്ഷേ, സമൂഹത്തെ ഭയന്ന് അത് സാധിച്ചില്ല. വീട്ടുകാർ എന്നെ സ്വീകരിക്കാനും തയാറായിരുന്നില്ല. എല്ലാ• ദുഃഖങ്ങളും ഒരു നിയോഗംപോലെ കൈനീട്ടി വാങ്ങി. പലപ്പോഴും അന്തിയുറങ്ങിയത് വീട്ടുമുറ്റത്ത്. ഇതിനിടെ മൂന്നു കുട്ടികളുമായി. ജീവിതം സങ്കീർണ്ണമായപ്പോൾ ആത്മഹത്യ എന്ന പോംവഴിയെക്കുറിച്ച് ചിന്തിച്ചു. പക്ഷേ, ഞാൻ ഒരുനിമിഷം ആലോചിച്ചു. ജീവിതം ദൈവം തന്ന വരദാനം. അതിനെ നശിപ്പിക്കാൻ മനുഷ്യന് അർഹതയില്ല. ദൈവം എല്ലാറ്റിനും പോംവഴി കാണാതിരിക്കില്ല. വിധിക്കെതിരെ പോരാടുക തന്നെ. 1988-ൽ ഭർത്താവിനെവിട്ട് ഞാൻ അയൽ ജില്ലയിലേക്കു പോന്നു. അവിടെയും രക്ഷ കിട്ടാതായപ്പോൾ സ്വന്തം നാടായ നാഗ്പൂരിലേക്കു തന്നെ പോന്നു. അവിടെവെച്ചാണ് ദൈവം എന്റെ നേരെ കണ്ണു തുറന്നത്.

അംബസാരി ശ്മശാനത്തിന്റെ കോൺട്രാക്ടറെ ഇവിടെവെച്ച് പരിചയപ്പെടാനിടയായി. അദ്ദേഹത്തിന്റെ ഡെയറിയിൽ എനിക്കൊരു ജോലിയും തന്നു. ഇക്കാലത്ത് ഏതോ കുറ്റത്തിന്റെ പേരിൽ തടവിലാക്കപ്പെട്ടിരിക്കയായിരുന്നു ഭർത്താവ്. ഞാൻ ഇവിടെയുണ്ടെന്നറിഞ്ഞ് മാസ്റാം ഞാനും കുട്ടികളും താമസിക്കുന്ന മുറിയിൽ വന്നു. കഷ്ടപ്പെട്ടുണ്ടാക്കിയ ഭക്ഷ്യവസ്തുക്കളും മറ്റും അയാൾ തട്ടിക്കൊണ്ടുപോയി. മാനസികമായും ശാരീരികമായും ഞാൻ തളർന്നു. ഈ സന്ദർഭത്തിലാണ് കോൺട്രാക്ടർ യാദവ് ഒരു ജോലി എനിക്കു നീട്ടിയത്. ശ്മശാനം കാവൽക്കാരി. അഭയസ്ഥാനം എന്നുമാത്രമെ ഞാനപ്പോൾ ചിന്തിച്ചുള്ളൂ. അങ്ങിനെയാണ് ഞാൻ ഈ തൊഴിലിലേക്കു വന്നത്. 24 മണിക്കൂറും ശ്മശാനത്തിൽ എന്റെ സാന്നിധ്യമുണ്ടാവണം. ആദ്യമൊന്നു പതറിയെങ്കിലും വിശപ്പിന്റെ വിളിയും കുട്ടികളുടെ സുരക്ഷിതത്വവും മുന്നിൽ കണ്ടു. ഏതാണ്ട് ആറുവർഷങ്ങൾക്കുമുമ്പ് മനോഹരമായി പുതുക്കി പണിത അംബസാരിയിലെ പ്രേതഭൂമി, നഗരത്തിൽനിന്ന് വളരെ അകലെയാണ്.

രത്നയും മൂന്നുകുട്ടികളും താമസിക്കുന്നത് ശ്മശാനത്തിന്റെ ഒരു മൂലയിലുള്ള കൊച്ചുവീട്ടിൽ.

രത്ന ഇന്ന് ഈ തൊഴിലിൽ വിദഗ്ധയാണ്. പാതിരാനേരത്തുപോലും പലപ്പോഴും ശവസംസ്കാരം നടക്കുന്ന സ്ഥലത്ത് വരേണ്ടിവരാറുണ്ട്. 12 വയസ്സുള്ള ഇളയമകൻപോലും ഈ തൊഴിലുമായി പൊരുത്തപ്പെട്ടിരിക്കുന്നു. മൂത്തമകൻ വിവാഹിതനാണ്. പതിനഞ്ചുവയസ്സുള്ള മകൾ രത്നയോടൊപ്പം ജീവിക്കുന്നു. കുട്ടികൾക്കെങ്കിലും തന്നേക്കാൾ നല്ലൊരു ജീവിതം ലഭിക്കുമെന്ന പ്രത്യാശയിലാണ് രത്ന.

നിശ്ചിതമായ ശമ്പളമില്ലെങ്കിലും പലപ്പോഴും മരിച്ചവരുടെ ബന്ധുക്കൾ അവരെ സഹായിക്കാറുണ്ട്. മനുഷ്യസ്നേഹിയായ യാദവ് തന്നെയാണ് രണ്ടുമുറി അവൾക്ക് പണിതു നല്കിയതും. ഇന്ന് ജഡങ്ങൾ രത്നയുടെ തൊഴിലിന്റെ ഭാഗമാണ്. പണം കൂടുതൽ തരുന്നവരുണ്ട്. കുറച്ചു തരുന്നവരുണ്ട്. എങ്കിലും എല്ലാ ജഡങ്ങളും അവർക്കൊരുപോലെയാണ്. അതിൽനിന്നാണല്ലോ അവരുടെ ജീവിതം മുന്നോട്ടുപോകുന്നത്.

രത്ന പറയുന്നു: ജിൻഡോ സെടു മുർദെ അക്ചെ (മരിച്ചവർ ജീവിച്ചിരിക്കുന്നവരേക്കാൾ എത്രയോ ഭേദം).



**ദുഃഖങ്ങളിൽ വെച്ചേറ്റവും വലിയത് ദാരിദ്ര്യദുഃഖമാണ്. അരച്ചാൺ വയറിനുവേണ്ടി മനുഷ്യൻ ചെയ്യാത്ത ജോലികളില്ല. എന്നാൽ ഉപജീവനത്തിനായി ശ്മശാനം കാക്കുക. അതും ഒരു സ്ത്രീ. ഇന്ത്യയിൽ തന്നെ ആദ്യമായിരിക്കും ഒരു സ്ത്രീ ഇത്തരം ഒരു ജോലിയിൽ ഏർപ്പെടുന്നത്.**